ഒറ്റപ്പാലം ശുദ്ധജല വിപുലീകരണ പദ്ധതി

64 (1975) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ശുദ്ധജലവിപുലീകരണ പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടിയുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം ടെണ്ടറുകൾ വിളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ ഏതെങ്കിലും ടെണ്ടറുകൾക്ക് അംഗീകാരം നൽകിയോ എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിന്റെ നിർമ്മാണോദ്ഘാടനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ എന്ന് നടത്തുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിക്കുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. ട്രീറ്റുമെന്റു പ്ലാന്റ് ഉറവിടമായ ഇൻടേക്‌വെൽ എന്നിവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

(സി&ഡി) ഒറ്റപ്പാലം ടി. ബി. കോംപൗണ്ടിലെ ബൂസ്റ്റർ പമ്പുഹൗസിന്റെ ടെണ്ടറിന് അനുമതി നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

കൂത്തുപറമ്പ് റൂറൽ വാട്ടർ സപ്ലൈ സ്കീം

65 (1976) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള റൂറൽ വാട്ടർ സപ്ലൈ സ്കീം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ വാട്ടർ സപ്ലൈ സ്കീം ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) നിവേദനം ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ കൂത്തുപറമ്പ് മുനിസിപ്പാലിറ്റി പാട്യം നഗരം (സി. ടി.) കോട്ടയം (മലബാർ സി. ടി.) എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശമുണ്ട്. ഈ പദ്ധതി പ്രകാരം കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ എൽ. ഐ. സി. യുടെ ധനസഹായത്തോടെ ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനായി പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ ജോലികൾ പുരോഗമിച്ചു വരുന്നു.

ജല വിതരണ പദ്ധതിയുടെ പണി

66 (1977) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർക്കുന്നം, പാമ്പാടി, കൂരോപ്പട, മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കുവാൻ ഇനി എന്തെല്ലാം പണികൾ കൂടി നടത്തുവാൻ ഉണ്ട് ;

(ബി) ബാക്കി പ്രവർത്തനങ്ങൾ കൂടി പൂർത്തിയാക്കി ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി തുടങ്ങുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിന്നും ശുദ്ധീകരിക്കാത്ത വെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല എന്നിവയുടെ 30% ഗ്യാപ്പ് പണികൾ അവശേഷിക്കുന്നുണ്ട്, പമ്പ് സ്ഥാപിക്കൽ, പവർ കണക്ഷൻ, ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ പണികളും നിർവഹിക്കേണ്ടതുണ്ട്.

(ബി) മാർച്ച് 2000-മാണ്ടോടെ റോ-വാട്ടർ പമ്പിംഗ് ഭാഗികമായി നടത്തുവാൻ കഴിയും, സമഗ്രമായ കമ്മീഷനിംഗിന് രണ്ടു വർഷത്തെ കാലയളവുകൂടി വേണ്ടിവരും.

(സി) നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ശുദ്ധീകരിക്കാത്ത വെള്ളം കുടിക്കുവാൻ ഒഴിച്ചുള്ള ആവശ്യങ്ങൾക്ക് വിതരണം നടത്തണമെന്നുള്ള തീരുമാനപ്രകാരം ആയതിലേക്ക് പമ്പ് ഹൗസിന്റെ പണി, പമ്പ് സെറ്റ് സ്ഥാപിക്കുക, പമ്പിംഗ് മെയിനിലെ ഗ്യാപ്പ് വർക്കുകൾ, ഓവർ ഫെഡ് ടാങ്കിന്റെ പണികൾ തുടങ്ങിയവ നടന്നുകൊണ്ടിരിക്കുന്നു. 3/2000 ത്തോടുകൂടി ശുദ്ധീകരിക്കാത്ത ജലം വിതരണം ചെയ്യാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly